## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3399** 29.1.2014-ൽ മറുപടിക്ക്

**'നിർമ്മൽ ഭാരത് അഭിയാൻ'**

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീമതി കെ. എസ്. സലീഖ<br>,, പി. അയിഷാ പോറ്റി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) കേന്ദ്രാവിഷ്കൃതപദ്ധതിയായ 'നിർമ്മൽ ഭാരത് അഭിയാന്റെ' ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കുന്ന പരിപാടികൾ എന്തെല്ലാമാണ് ; | എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ 'നിർമ്മൽ ഭാരത് അഭിയാന്റെ' ഘടകങ്ങളായ (1) വിവര വിജ്ഞാന വ്യാപനവും, ശേഷി വികസനവും, (2) വ്യക്തിഗത ഗാർഹിക കക്കൂസുകളുടെ നിർമ്മാണവും, (3) കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകളുടെ നിർമ്മാണവും (4) സ്കൂൾ, അങ്കണവാടി സ്ഥാപനങ്ങളിലെ ടോയ്ലറ്റ് നിർമ്മാണവും, (5) ഗ്രാമപ്രദേശങ്ങളിലെ ഖരദ്രവമാലിന്യ പരിപാലനവും അടങ്ങിയ പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. |
| ബി) നടപ്പുവർഷം പദ്ധതി നടപ്പാക്കുന്നതിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്തെല്ലാമാണ്; പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ബി) നടപ്പുവർഷം പദ്ധതിയുടെ ഭാഗമായി, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കേരള സമൂഹത്തിലാകെ നല്ല ശുചിത്വ ശീലങ്ങൾ സുസ്ഥിരമാക്കുന്നതിനും, അനുകൂല ശുചിത്വാരോഗ്യ മനോഭാവം വളർത്തുന്നതിനും ആവശ്യമായ വിവരവിജ്ഞാന വ്യാപനപ്രവർത്തനങ്ങൾ, ബന്ധപ്പെട്ട പങ്കാളികളുടെ ശുചിത്വ - ആരോഗ്യ - മാലിന്യ പരിപാലന വിഷയങ്ങളിലെ ശേഷീ വികസന പ്രവർത്തനങ്ങൾ, ഇനിയും കക്കൂസ് സൗകര്യമില്ലാത്ത കുടുംബങ്ങൾക്ക് വ്യക്തിഗത ഗാർഹിക കക്കൂസ്/കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് സൗകര്യങ്ങൾ ഒരുക്കുക, കുട്ടികളുടെ എണ്ണത്തിനാനുപാതികമായി സർക്കാർ സ്കൂളുകളിൽ ടോയ്ലറ്റുകൾ പണിയുക, കക്കൂസ് സൗകര്യമില്ലാത്ത അങ്കണവാടികളിൽ ശിശുസൗഹൃദ കക്കൂസുകൾ പണിയുക, ഗ്രാമപഞ്ചായത്തുകളിൽ ഖരദ്രവമാലിന്യ പരിപാ |

| | | | |
|---|---|---|---|
| | | | ലന സൗകര്യങ്ങൾ സൃഷ്ടിക്കുക എന്നീ കാര്യങ്ങൾക്ക് സഹായം നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് പ്രധാനമായും എൻ.ബി.എ. പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിടുന്നത്.<br><br>പദ്ധതിയുടെ നടത്തിപ്പ് പ്രതിമാസം അവലോകന വിധേയമാക്കി വരുന്നുണ്ട്. തൻ സാമ്പത്തിക വർഷം 31.12.2013വരെ 14388 ഗാർഹിക കക്കൂസുകൾ, 172 സ്കൂൾ ടോയിലറ്റുകൾ, 32 അങ്കണവാടി ടോയ്ലറ്റുകൾ, 18 കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ, 151 ഗ്രാമപഞ്ചായത്തുകൾക്ക് ഖരദ്രവ മാലിന്യ പരിപാലന സംവിധാനം എന്നിവ സൃഷ്ടിക്കുന്നതിനുള്ള സഹായങ്ങൾ നല്കിയിട്ടുണ്ട്. അതുപോലെ ഉചിതമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും, ശേഷീ വികസന പ്രവർത്തനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. |
| സി) | പദ്ധതി നടത്തിപ്പിന്റെ ഏകോപനം നിർവ്വഹിക്കേണ്ട ശുചിത്വമിഷന്റെ ജില്ലാതലത്തിലുള്ള ഓഫീസുകളിൽ കോ - ഓർഡിനേറ്റർമാരെ നിയമിക്കാത്തതു മൂലം പദ്ധതി താളം തെറ്റുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ; | സി) | ഇല്ല. നിലവിൽ 14 ജില്ലകളിലും ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (P&M) അധികചുമതലയായി ജില്ലാ ശുചിത്വ മിഷൻ കോ-ഓർഡിനേറ്ററുടെ ചുമതലയും കൂടി നിർവ്വഹിച്ചുവരുന്നുണ്ട്. സ്വതന്ത്ര ചുമതലയുള്ള ജില്ലാ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്. |
| ഡി) | നിർമ്മൽ ഭാരത് അഭിയാൻ പദ്ധതിക്ക് ഈ വർഷം എന്ത് തുക വകയിരുത്തിയിട്ടുണ്ട്; അതിൽ എന്തു തുക ചെലവഴിച്ചുവെന്നറിയിക്കാമോ ? | ഡി) | നിർമ്മൽ ഭാരത് അഭിയാൻ പദ്ധതിയ്ക്ക് 31.12.2013–വരെ ആകെ കേന്ദ്ര സംസ്ഥാന വിഹിതങ്ങളായി 38.45 കോടി രൂപ ലഭ്യമായിട്ടുണ്ട്. അതിൽ ആകെ 19.33 കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ